(ഇ) നാട്ടാനകൾക്കെതിരെയുള്ള പീഡനങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ഉണ്ടാകുന്നതിനാൽ ഇവയുടെ പരിപാലനത്തെ സംബന്ധിച്ച നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള റിക്കോർഡുകൾ പ്രകാരം 599 നാട്ടാനകൾ ഉണ്ട്. ഇവയ്ക്കെല്ലാം രജിസ്ട്രേഷനുകൾ ബാധകമാണ്. ആകെ രജിസ്ട്രേഷൻ നടത്തുന്നതിനായി 599 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ 499 ആനകളുടെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ആനകളുടെ രേഖകൾ പരിശോധിച്ച് രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നാട്ടാനകളെ രജിസ്റ്റർ ചെയ്യുന്നതിനായുള്ള അപേക്ഷയുടെ മാതൃക എല്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അയച്ചുകൊടുക്കുകയും ആയത് ആന ഉടമകൾ പൂരിപ്പിച്ച് അതാത് ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർമാർക്ക് സമർപ്പിച്ച് ആയത് ജില്ലാ കമ്മിറ്റി പരിശോധിച്ചാണ് രജിസ്ട്രേഷൻ നടത്തുന്നത്.

(സി) നാട്ടാനകളെ പീഡിപ്പിക്കുകയും ശരിയായ രീതിയിൽ പരിപാലിക്കുകയും ചെയ്യാത്ത ഉടമകൾക്കെതിരെ 2012-ലെ നാട്ടാന പരിപാലന ചട്ടപ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) മദപ്പാടുള്ള നാട്ടാനകളെ ഘോഷയാത്രകളിലും ഉത്സവങ്ങളിലും പങ്കെടുപ്പിക്കുന്നത് 2012-ലെ നാട്ടാന പരിപാലന ചട്ടപ്രകാരം നിരോധിച്ചിട്ടുണ്ട്.

(ഇ) ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മൈലം പഞ്ചായത്തിൽ മിനി സിന്തറ്റിക് സ്റ്റേഡിയം

282 (3794) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന മൈലം പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് മൾട്ടി പർപ്പസ് മിനി സിന്തറ്റിക് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നൽകിയ നിവേദനം കായിക വകുപ്പിൽ ലഭിച്ചത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് മൾട്ടി പർപ്പസ് മിനി സിന്തറ്റിക് സ്റ്റേഡിയം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെട്ടതന്ന മൈലം പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് മൾട്ടിപർപ്പസ് മിനി സിന്തറ്റിക് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നൽകിയ നിവേദനം കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ 26-11-2014-ന് ലഭിച്ചിട്ടുണ്ട്. ടി നിവേദനം, പരിശോധനാ റിപ്പോർട്ട് സമർപ്പിക്കാനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് നൽകുകയും നാഷണൽ ഗെയിംസ് ചീഫ് എഞ്ചിനീയർ ടി സ്ഥലം 30-11-2015-ൽ പരിശോധന നടത്തിയിട്ടുമുണ്ട്. പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

ലോംഗ് ജംപ് പിറ്റിന്റെ നിർമ്മാണം

283 (3795) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽ അനുവദിച്ച ലോംഗ് ജംപ് പിറ്റിന്റെ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പിറ്റിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ആലപ്പുഴയിലെ സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ, പള്ളിത്തോട്, ചേർത്തലയിൽ ലോംഗ് ജംപ് പിറ്റ് നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് 18-3-2015-ന് പൂർത്തീകരിച്ചിട്ടുമുണ്ട്.

കായികവികസന ഫണ്ട്

284 (3796) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly